# കേരള സ്കൂൾ ടീച്ചേഴ്സ് അസോസിയേഷൻ
# KSTA

**സംസ്ഥാനകമ്മിറ്റി, തൈക്കാട് - തിരുവനന്തപുരം 695014.**

**Ph:0471-2324997,2327630 Fax: 0471-2324997. Web: www.kstakerala.in, E mail - ksta.state@gmail.com**

തിരുവനന്തപുരം - 2013 ജൂലൈ 3
പത്രസമ്മേളന കുറിപ്പ്

**2013 ജൂലൈ 6 ന് അധ്യാപകർ സെക്രട്ടറിയേറ്റിലേക്കും ജില്ലാകേന്ദ്രങ്ങളിലേക്കും മാർച്ചും ധർണ്ണയും നടത്തുന്നു**

## പൊതുവിദ്യാലയങ്ങളുടെ തകർച്ചക്ക് വഴിയൊരുക്കുന്ന സർക്കാർ നടപടികൾ പിൻവലിക്കുക

**കെ.എസ്.ടി.എ**

കേരളത്തിലെ പൊതുവിദ്യാലങ്ങളുടെ നിലനിൽപ്പുതന്നെ അപകടത്തിലാക്കുന്ന നടപടികളുമായി സർക്കാർ മുന്നോട്ടുപോകുകയാണ്. 650 സി.ബി.എസ്.ഇ സ്കൂളുകൾക്ക് അംഗീകാരം നൽകുനതിനുപുറമെ സംസ്ഥാന സിലബസ്സിലുള്ള 3,100 ഓളം അനധികൃതവിദ്യാലയങ്ങൾക്ക് അംഗീകാരം നൽകാനുള്ള ഉത്തരവ് ആയിക്കഴിഞ്ഞു. ഇത് പിൻവലിച്ചില്ലെങ്കിൽ മെച്ചപ്പെട്ട നിലയിൽ പ്രവർത്തിക്കുന്ന 6,200 സ്കൂളുകൾകൂടി അൺ-എക്കണോമിക് ആയിമാറും. 2011-12 ൽ തന്നെ 4,614 സ്കൂളുകൾ ഒരു ഡിവിഷനിൽ 15 കുട്ടികൾ ഇല്ലാതെ പ്രവർത്തിക്കുന്നവയാണ് (അൺ-എക്കണോമിക്). 2002-03 ൽ 49 ലക്ഷം കുട്ടികൾ ഉായിരുന്നത് ഇപ്പോൾ 39 ലക്ഷമായി കുറഞ്ഞിരിക്കുകയാണ്. അധ്യാപക തസ്തികകൾ 1,68,702 ൽ നിന്നും 1,53,718 ആയി കുറഞ്ഞു. അനധികൃത സ്കൂളുകൾക്ക് അംഗീകാരം നൽകിയാൽ നിലവിലുള്ള 15,000 ത്തിനുപുറമെ പതിനായിരത്തിലധികം അധ്യാപകർക്ക് തസ്തികയില്ലാതെ തൊഴിൽ നഷ്ടപ്പെടും.

അധ്യാപക-വിദ്യാർത്ഥി അനുപാതം 1:30 (1-ാം ക്ലാസുമുതൽ 4-ാം ക്ലാസുവരെ), 1:35 (5 മുതൽ 10 വരെ) ആയി കുറയ്ക്കാനുള്ള പാക്കേജിലെ നിർദ്ദേശം നടപ്പിലാക്കില്ലെന്ന് സർക്കാർ പ്രഖ്യാപിച്ചിരിക്കുകയാണ്. 1:45 എന്നതിൽ മാറ്റമില്ല എന്ന തീരുമാനം വിദ്യാഭ്യാസ അവകാശ നിയമത്തിന്റെ അന്തസ്സത്തയ്ക്ക് നിരക്കാത്ത നടപടിയാണ്. അനുപാതം കുറച്ച് തസ്തിക നിർണ്ണയം നടത്തി അധ്യാപകരെ സ്കൂളുകളിൽ നിലനിർത്താൻ സർക്കാർ തയ്യാറാകണം.

ഹയർസെക്കന്ററി മേഖലയിൽ 148 സ്കൂളുകളും ബാച്ചുകളും അനുവദിക്കുന്നതിനുപിന്നിൽ മാനേജുമെന്റുകളുമായി ചേർന്ന് കോടിക്കണക്കിന് രൂപയുടെ അഴിമതിയ്ക്ക് വഴിയൊരുക്കുകയാണ്.ഹയർസെക്കന്ററി ജോ. ഡയറക്ടർ (മുൻ മുസ്ലീംലീഗ് ജില്ലാ പ്രസിഡന്റും കോളേജ് അധ്യാപകനും) മുഖേനയാണ് ഇത് നടക്കുന്നത്. ഹ്യൂമാനിറ്റീസ് ബാച്ച് അനുവദിക്കില്ല എന്ന തീരുമനം വിദ്യാഭ്യാസ കച്ചവടക്കാരെ പ്രോത്സാഹിപ്പിക്കലാണ്. സൗകര്യമുള്ള എല്ലാ സർക്കാർ സ്കൂളുകളിലും രുവർഷത്തിനുമുൻപുതന്നെ ഹയർസെക്കന്ററി അനുവദിച്ചുകഴിഞ്ഞു. ഏകജാലകം രാം അലോട്ട്മെന്റുകൊ് അവസാനിപ്പിക്കാൻ തീരുമാനിച്ചതും മാർജിനൽ സീറ്റ് വേണ്ടെന്ന് തീരു

മാനിക്കുന്നതും പുതിയ സ്കൂളുകൾക്ക് അനുവാദം നൽകുന്നതിന് വഴിയൊരുക്കാനാണ്. ഇതിന്റെ ബാഗമായി 65540 സീറ്റുകളാണ് വെട്ടിക്കുറച്ചിരിക്കുന്നത്. (സയൻസ് -26480, ഹ്യമാനിറ്റീസ് -28340, കോമേഴ്സ്-10780)

സിലബസ് പുതുക്കി പാഠപുസ്തകങ്ങൾ പരിഷ്ക്കരിക്കാനുള്ള നടപടിക്കുപകരം പാഠ്യ പദ്ധതി പരിഷ്ക്കരിക്കാൻ നടത്തുന്ന ശ്രമങ്ങൾ അവിവേകമാണ്. നിലവിലുള്ള പാഠ്യപദ്ധതി (കെ. സി.എഫ്-2007) എന്തിന് പരിഷ്ക്കരിക്കുന്നു എന്ന ചോദ്യത്തിന് മറുപടി നൽകാൻ സർക്കാരിനോ എസ്.സി.ഇ.ആർ.ടി ക്കോ ഇതുവരെയും കഴിഞ്ഞിട്ടില്ല. എസ്.എസ്.എ അഴിമതിയുടെയും കെടു കാര്യസ്ഥതയുടെയും പര്യായപദമായി മാറിയിരിക്കുന്നു. പൊതുവിദ്യാലയങ്ങളെ ശാക്തീകരിക്കേ ഈ പ്രോജക്ടിനെ തകർത്തുകൊിരിക്കുകയാണ്. അവിടെ നടന്നിട്ടുള്ള അഴിമതികൾ കേന്ദ്രഏജൻസിയെകൊ് അന്വേഷിക്കാൻ സംഘടന എം.പി മുഖേന നിവേദനം നൽകിയിട്ടു ്. എസ്.എസ്.എ പ്രക്ഷോഭം ജനപ്രതിനിധികളുമായി ആലോചിച്ച് ശക്തിപ്പെടുത്തും.

വിദ്യാഭ്യാസ വകുപ്പിൽ 20 ഡി.ഇ.ഒ മാർ, 6 ഡി.ഡി മാർ എന്നിവരുടെ തസ്തികകൾ പ്രമോ ഷൻ നൽകാതെ ഒഴിഞ്ഞുകിടക്കുകയാണ്. ഹയർസെക്കന്ററി പ്രിൻസിപ്പാൾ പ്രമോഷൻ (110 സ്കൂളു കളിൽ) ഇനിയും നടന്നിട്ടില്ല. സീനിയോറിറ്റി ലിസ്റ്റ് പോലും തയ്യാറാക്കിയിട്ടില്ല. ഹയർസെക്കന്ററി യിൽ പൊതുസ്ഥലംമാറ്റം നടന്നിട്ട് 2 വർഷമായി. പകരം നൂറിലധികം സ്പെഷ്യൽ ഓർഡർ സ്ഥലം മാറ്റം നൽകി. ഹയർസെക്കന്ററി പ്രിൻസിപ്പാൾമാരുടെ സ്ഥലംമാറ്റത്തിൽ വലിയ അഴിമതി നടന്നി രിക്കുയാണ്. വിദ്യാഭ്യാസ മന്ത്രിയുടെ അഡീഷണൽ പ്രൈവറ്റ് സെക്രട്ടറിയും (ഹയർസെക്കന്ററി ചുമതലയുള്ള) പ്രാദേശിക ലീഗ് നേതാക്കളും ചേർന്ന് അരലക്ഷം രൂപമുതൽ ഓരോരുത്തരിൽ നിന്നും കൈക്കൂലി വാങ്ങിയാണ് സീനിയോറിറ്റി മറികടന്ന് സ്ഥലംമാറ്റം നൽകിയിരിക്കുന്നത്. ഇതിനെതിരെ 10 പേർ ട്രിബ്യൂണലിൽ കേസ് ഫയൽ ചെയ്തിരിക്കുകയാണ്. വൊക്കേഷണൽ ഹയർസെക്കന്ററിയിൽ പരാതികൾ പരിഹരിച്ച് മാനദണ്ഡങ്ങളുനുസരിച്ച് സ്ഥലംമാറ്റം നടത്ത ണം.

പാഠപുസ്തകം വിതരണം, സ്കൂൾ യൂണിഫോം വിതരണം ഇതെല്ലാം യഥാസമയം നട ത്താൻ സർക്കരിന് കഴിയുന്നില്ല. സ്കൂൾ ഉച്ചഭക്ഷണ പരിപാടി പ്രതിസന്ധിയിലാണ്. കൊട്ടി ഘോഷിക്കപ്പെട്ട അധ്യാപക പാക്കേജ് തട്ടിപ്പാണെന്ന് തെളിഞ്ഞിരിക്കുകയാണ്. ഐ.ടി @ സ്കൂളിൽ കഴിവുള്ള ഡയറ്കടറെ നിയമിച്ച് പ്രോജക്ടിനെ സംരക്ഷിക്കണം.

പൊതുവിദ്യാലയങ്ങളെയും അക്കാദമിക് പ്രവർത്തനങ്ങളെയും പ്രതിസന്ധിയിലാക്കുന്ന നടപടികളിൽ നിന്നും സർക്കാർ പിന്തിരിയണം എന്ന് ശക്തമായ ആവശ്യപ്പെട്ടുകൊ് പ്രക്ഷോ ഭവവുമായി മുന്നോട്ടുകാൻ കെ.എസ്.ടി.എ തീരുമാനിച്ചിരിക്കുകയാണ്. ജൂലൈ 6 ന് സെക്രട്ടറി യേറ്റ് നടയിലും ജില്ലാകേന്ദ്രങ്ങളിലും ആയിരക്കണക്കിന് അധ്യാപകർ പങ്കെടുക്കുന്ന മാർച്ചും ധർണ്ണയും നടക്കും. തുടർന്ന് സർക്കാർ നടപടികൾ തിരുത്തുന്നതുവരെ പ്രക്ഷോഭവുമായി മുന്നോ ട്ടുകും.

*പത്രസമ്മേളനത്തിൽ പങ്കെടുത്തവർ*

| | | |
|---|---|---|
| **എം. ഷാജഹാൻ** | **കെ.പി. സന്തോഷ്കുമാർ** | **സി.വി. സജീവ്ദത്ത്** |
| ജനറൽ സെക്രട്ടറി | എക്സി.അംഗം | ജില്ലാസെക്രട്ടറി |